# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *350 · 23.08.2017 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങൾക്കുള്ള സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ശശി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കൈത്തറി, ഈറ്റ, പനമ്പ് തുടങ്ങിയ മേഖലകളെ, തൊഴിൽ സംരക്ഷിച്ചുകൊണ്ട് നവീകരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് അവരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഉചിതമായ തോതിൽ യന്ത്രവത്കരണം നടത്തുന്നതിനും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.<br>കൈത്തറി മേഖലയിൽ ആധുനികവൽകരണത്തിന്റേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിന്റേയും ഭാഗമായി തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യലഭ്യമാക്കൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനം എന്നിവക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രീലൂം സൗകര്യങ്ങൾ, തറി അനുബന്ധ ഉപകരണങ്ങളായ സ്റ്റീൽ റീഡ്, ഷട്ടിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി സഹകരണ സംഘങ്ങളിലെ നെയ്ത്ത് കാർക്ക് ധനസഹായം നൽകുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടേയും തൊഴിലാളികളുടേയും പണിശാല നവീകരണത്തിന് ധനസഹായം നൽകുന്നു. ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതിയിലൂടെ തറി സ്ഥാപിക്കുവാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും നെയ്ത്ത് ആരംഭിക്കുവാൻ ധനസഹായം നൽകുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. |

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലൈവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനികവൽക്കരണത്തിനും സാങ്കേതിക വിദ്യാവികസനത്തിനും ഗുണമേന്മാ വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ ഊന്നിയുള്ള മാറ്റങ്ങൾ മാത്രമേ ഖാദി മേഖലയിൽ അനുവദനീയമായുള്ളൂ എന്നതിനാൽ ഈ മേഖലയിൽ മാറ്റം വരുത്തുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി കൂടുതൽ ആയാസരഹിതമായ യന്ത്രസാമഗ്രികൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയ്ക്കായി നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) വിപണി വിപുലീകരണത്തിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, മറ്റ് പ്രാദേശിക ഉത്സവങ്ങൾ എന്നീ അവസരങ്ങളിൽ കൈത്തറി എക്സ്പോകൾ സംഘടിപ്പിക്കുന്നുണ്ട്. നാഷണൽ ഹാന്റ് ലൂം ഡെവലപ്മെന്റ് കോർപറേഷൻ, ഹാന്റ് ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ തുടങ്ങിയവ സംഘടിപ്പിക്കുന്ന നാഷണൽ, ഇന്റർനാഷണൽ മേളകളിൽ പങ്കെടുക്കുന്നതിന് പ്രാഥമിക കൈത്തറി സഹകരണ നെയ്ത്ത് സംഘം, ഹാന്റെക്സ്, ഹാന്റ് വീവ് എന്നിവർക്ക് ധനസഹായം നൽകി വരുന്നു. |

കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് പൊതുവായ ഗുണമേന്മ മാനദണ്ഡം ഉണ്ടാക്കുന്നതിനും അവയെ ഒരു പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുന്ന തിനുമായി കേരള ഹാന്റ് ലൂം ഉൽപ്പന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിപണി വിപുലീകരണം ലക്ഷ്യമിട്ട് ഈറ്റ, മുള എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ പാലക്കാട് ജില്ലയിലെ തെങ്കുറിശ്ശി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കേരള സംസ്ഥാന ബാംബൂ കോർപറേഷൻ ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്സ്, ബാംബൂ സ്ട്രിപ്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പനമ്പിന്റേയും ബാംബൂ പ്ലൈയുടേയും ഗുണനിലവാരം ഉറപ്പാക്കുന്നതി നായി ഡിപ്പോകളിൽ യന്ത്രവത്കരണം നടപ്പാക്കിവരുന്നു. ഈറ്റകളിൽ നിന്നും അളികീറി ഗുണനിലവാരമുള്ള പനമ്പ് നെയ്യുന്നതിനായി സ്ലീവറിംഗ് യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. ബാംബൂ മേഖലയിലെ കരകൗശല തൊഴിലാളികൾക്ക് വിപണി ലഭ്യത ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ മിഷൻ കേരള ബാംബൂ ഫെസ്റ്റ് എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നു. ദേശീയ-അന്തർദേശീയ മേളകളിൽ ബാംബൂ മേഖലയിലെ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം വിപണന മേളകൾ സംഘടിപ്പിക്കുകയും സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്ക് ക്രഡിറ്റ് സംവിധാനം, ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതി എന്നിവ നടപ്പാക്കുകയും ചെയ്യുന്നു. ഖാദി ഉൽപ്പന്നങ്ങൾക്കായി കൂടുതൽ വില്പനശാലകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിക്കൊണ്ട് കൈവേലക്കാരുടെ ഉൽപ്പന്നങ്ങൾ വാങ്ങി സംഭരിച്ച് വിപണനം നടത്താൻ പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(സി) കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് നിലവിലുള്ള വേതനഘടനയിൽ നിന്നും മെച്ചപ്പെട്ട സാഹചര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വരുമാനം ഉറപ്പാക്കൽ പദ്ധതി, ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ്, ആരോഗ്യകരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വീടിനോട് ചേർന്ന പണിപ്പുര സ്ഥാപിക്കുന്നതിന് ധനസഹായം, തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. ഹാന്റക്സ് പ്രാഥമിക സംഘങ്ങളിൽ നിന്നും കൈത്തറി തുണികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ തൊഴിലാളികൾക്കായി മിനിമം വേജസ് പദ്ധതി നടപ്പാക്കി വരുന്നു. ഈറ്റ വനത്തിൽ നിന്നും ശേഖരിച്ച് നെയ്ത്ത് തൊഴിലാളികൾക്ക് നൽകി അവർ ഈറ്റ കൊണ്ട് നെയ്ത്ത് തരുന്ന പനമ്പ് വിലക്ക് വാങ്ങി ശേഖരിച്ച് വിപണനം നടത്തുകയെന്നതാണ് കേരള സംസ്ഥാന ബാംബൂ കോർപറേഷന്റെ പ്രധാന പ്രവർത്തനം.

ഖാദി മേഖലയിൽ വരുമാന താങ്ങൽ പദ്ധതിയിലൂടെ മിനിമം കൂലി ഉറപ്പാക്കിയിട്ടുണ്ട്. കേരള ഖാദിഗ്രാമവ്യവസായ ബോർഡിന്റെ കേരളത്തിലുടനീളമുള്ള വിപണന ശൃംഖലകളിലൂടെ ഖാദി ഗ്രാമവ്യവസായ മേഖലയിലെ കൈവേലക്കാരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് ആവശ്യമായ പ്രോസസ്സിംഗ് നടത്തി വിറ്റഴിക്കുന്നു.

സെക്ഷൻ ഓഫീസർ